# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1371** **30.01.2018 -** ൽ മറുപടി നൽകേണ്ടിയിരുന്നത്

## അംഗീകൃത സർവ്വകലാശാലകൾ

*ചോദ്യം*

ശ്രീ. പി.കെ. ശശി

*ഉത്തരം*

പ്രൊഫ. സി രവീന്ദ്രനാഥ്

(ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അംഗീകൃത സർവ്വകലാശാലകൾ , അംഗീകൃതമല്ലാത്ത സർവ്വകലാശാലകൾ ഇവ ഏതെല്ലാം ; ഇവയുടെ പ്രവർത്തന മികവ് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ എന്താണെന്ന് വിശദമാക്കമോ; | (എ) | ലഭ്യമായ രേഖകൾ പ്രകാരം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അംഗീകൃത സർവ്വകലാശാലകൾ<br>1. കേരള സർവ്വകലാശാല, തിരുവനന്തപുരം<br>2. എ.പി.ജെ. അബ്ദുൽ കലാം ടെക്നോളജിക്കൽ സർവ്വകലാശാല<br>3. സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് കേരള പെരിയ പി.ഒ. കാസർകോഡ്<br>4. കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജി<br>5. കണ്ണൂർ സർവ്വകലാശാല<br>6. കേരള അഗ്രികൽച്ചറൽ യൂണിവേഴ്സിറ്റി, തൃശ്ശൂർ<br>7. കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ്, കൊച്ചി<br>8. കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസ്, തൃശ്ശൂർ<br>9. കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി, പൂക്കോട്, വയനാട്<br>10. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി, കോട്ടയം<br>11. നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, കളമശ്ശേരി, കൊച്ചി<br>12. ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി |

| | | | |
|---|---|---|---|
| | | | 13. തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം സർവ്വകലാശാല, തിരൂർ, മലപ്പുറം<br>14. യൂണിവേഴ്സിറ്റി ഓഫ് കാലിക്കറ്റ്, തേഞ്ഞിപ്പാലം, മലപ്പുറം<br>15. കേരള കലാമണ്ഡലം ഡീംഡ് യൂണിവേഴ്സിറ്റി ഓഫ് ആർട്സ് & കൾച്ചർ, ചെറുതുരുത്തി, തൃശ്ശൂർ. |
| (ബി) | സർവ്വകലാശാലകളുടെ നിലവിലുള്ള പ്രവർത്തനം ഈ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണെന്ന് വിശദമാക്കാമോ, ഇല്ലെങ്കിൽ വിദഗ്ദ്ധ സമിതിയെക്കൊണ്ട് വിശദമായ ഒരു അന്വേഷണം നടത്തി യൂണിവേഴ്സിറ്റി പ്രവർത്തനങ്ങളിൽ താഴ്ന്ന നിലവാരം പുലർത്തുന്നവയെ ഉന്നതിയിലേയ്ക്ക് എത്തിക്കാൻ എന്ത് നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കാമോ; | (ബി) & (സി) | അക്കാദമിക സ്വയംഭരണാധികാരമുള്ള സ്ഥാപനങ്ങളാണ് സർവ്വകലാശാലകൾ. എങ്കിലും പരീക്ഷാ നടത്തിപ്പിലും, ഫലപ്രഖ്യാപനത്തിലും കാലതാമസമുണ്ടാകുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സർവ്വകലാശാലാ അധികാരികളുടെ യോഗം വിളിച്ചുകൂട്ടി പോരായ്മകൾ പരിഹരിക്കാനും, കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സമയബന്ധിതമായി നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിരുന്നു. ഇ-ഗവേണൻസ് സംവിധാനം ശക്തിപ്പെടുത്തി പ്രവേശന പ്രക്രിയ മുതൽ പരീക്ഷാ ഫലപ്രഖ്യാപനം വരെയുള്ള നടപടികൾ നിശ്ചയിക്കപ്പെട്ട കലണ്ടർ പ്രകാരം പൂർത്തീകരിക്കുന്നതിന് എല്ലാ സർവ്വകലാശാലകളെയും ബന്ധിപ്പിച്ച് ഒരു ഓൺലൈൻ പ്ലാറ്റ്ഫോം വികസിപ്പിച്ചെടുക്കാൻ നടപടി സ്വീകരിച്ചു വരുന്നു. സിലബസ്സ്, കോഴ്സുകളുടെ തുല്യത തുടങ്ങി അക്കാദമിക് വിഷയങ്ങളുമായി ബന്ധപ്പെട്ട അപേക്ഷകൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്തെ യൂണിവേഴ്സിറ്റികളിലെ വിദ്യാർത്ഥി അഡ്മിഷൻ, പരീക്ഷ നടത്തിപ്പ്, അദ്ധ്യാപകലഭ്യത, അദ്ധ്യയനസൗകര്യ ലഭ്യത, അടിസ്ഥാന സൗകര്യ ലഭ്യത, അഫിലിയേഷനുള്ള സ്വകാര്യ കോളേജുകളുടെ നിയന്ത്രണം കുറ്റമറ്റതാക്കൽ എന്നിവ ഉറപ്പുവരുത്തുന്നതിനായി മറ്റു സംസ്ഥാന യൂണിവേഴ്സിറ്റികളിലെ പ്രവർത്തനങ്ങൾകൂടി പരിശോധിക്കുമോ | | |

| | | | |
|---|---|---|---|
| | ;ആയതിന് എന്തു നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ; | | |
| (ഡി) | ആയതിനായി ഒരു ഏകീകൃത യൂണിവേഴ്സിറ്റി നിയമമുണ്ടാക്കേണ്ട ആവശ്യകത പരിശോധിക്കുന്നതിന് എന്തു നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കാമോ? | (ഡി) | ഏകീകൃത സർവ്വകലാശാല നിയമം നടപ്പാക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ